**File No.DPI/81694/2018-H1**

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി : 26/07/2018

## പരിപത്രം

വിഷയം - പൊതുവിദ്യാഭ്യാസം -2018-19 അധ്യയന വർഷത്തെ സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പ് സംബന്ധിച്ച്

സൂചന - 05/11/2007 ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 194/2007/ പൊ.വി.വ

സ്കൂൾ പാർലമെന്റ് രൂപവത്കരണത്തിനും നടത്തിപ്പിനുമുള്ള ചട്ടങ്ങളും മാർഗരേഖകളും സംബന്ധിച്ച് സൂചന പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ നിർദേശങ്ങൾക്കനുസൃതമായി 2018-19 അധ്യയന വർഷത്തെ സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പ് സംബന്ധിച്ച തീയതികളും മാർഗ നിർദേശങ്ങളും ചുവടെ ചേർക്കുന്നു.

### തിരഞ്ഞെടുപ്പ് സംബന്ധിച്ച സമയക്രമം

| | | |
|---|---|---|
| 1 | നാമനിർദേശ പത്രിക സമർപ്പിക്കേണ്ട അവസാന തീയതി | 09/08/2018 ഉച്ച കഴിഞ്ഞ് 3 മണിവരെ |
| 2 | നാമനിർദേശ പത്രിക പരിശോധിച്ച് അവ സ്വീകരിക്കുന്നതിനുള്ള തീയതി | 10/08/2018 ഉച്ച കഴിഞ്ഞ് 3 മണിവരെ |
| 3 | നാമനിർദേശ പത്രിക പിൻവലിക്കാനുള്ള തീയതി | 13/08/2018 ഉച്ച കഴിഞ്ഞ് 3 മണിവരെ |
| 4 | മത്സരാർത്ഥികളുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന തീയതി | 14/08/2018 |
| 5 | വോട്ടെടുപ്പ് തീയതിയും സമയവും | 18/08/2018 രാവിലെ 11 മണി വരെ |
| 6 | വോട്ടെണ്ണൽ തീയതിയും സ്ഥലവും | 18/08/2018 ഉച്ചയ്ക്ക് 12 മണി അതാത് ക്ലാസ്സുകളിൽ |
| 7 | പാർലമെന്റ് ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് തീയതിയും സമയവും | 18/08/2018 ഉച്ചയ്ക്ക് 2.30 മുതൽ |
| 8 | സ്കൂൾ പാർലമെന്റിന്റെ ആദ്യ യോഗം | 20/08/2018 |

08/11/96 ന് ബഹു. കേരള ഹൈക്കോടതി ഒ.പി.നമ്പർ 10046/96 ൽ പുറപ്പെടുവിച്ച വിധിയുടെയും 1936/96, 1341/97, 262/97 എന്നീ റിട്ട് അപ്പീലുകളിന്മേലുള്ള വിധികളുടെയും അടിസ്ഥാനത്തിലായിരിക്കണം തിരഞ്ഞെടുപ്പ് നടത്തേണ്ടത്. സൂചിത ഉത്തരവ് പ്രകാരം തിരഞ്ഞെടുപ്പ് സംബന്ധിച്ച് സമഗ്രമായ മാർഗ നിർദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ അവ കർശനമായി പാലിക്കണമെന്നും ഇതിനാൽ നിർദേശിക്കുന്നു. തികച്ചും സമാധാനപരവും രാഷ്ട്രീയപാർട്ടികളുടെ ഇടപെടലുകൾ ഇല്ലാതെയും ആയിരിക്കണം സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പ് നടത്തേണ്ടത്. കൂടാതെ വിദ്യാർത്ഥികളിൽ ജനാധിപത്യബോധവും ഐക്യവും സാഹോദര്യവും വളർത്തുവാൻ സഹായകരമായ വിധത്തിലുമായിരിക്കണം അത് നടത്തേണ്ടത്.

(മറുപുറം)

മേൽ നിർദേശങ്ങൾക്ക് അനുസൃതമായി സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പ് നടത്തുന്ന വിവരം സ്കൂൾ അധികൃതർ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. സർക്കാർ നിർദേശങ്ങൾക്കും നിബന്ധനകൾക്കും വിധേയമായിട്ടാണ് അത് നടത്തപ്പെടുന്നതെന്ന് ബന്ധപ്പെട്ട വിദ്യാഭ്യാസ ആഫീസർമാർ ഉറപ്പുവരുത്തേണ്ടതുമാണ്.

**K V MOHAN KUMAR**
പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്,

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും
എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാരും
എല്ലാ ഉപ ജില്ലാ വിദ്യാഭ്യാസ ആഫീസർമാരും

പകർപ്പ്,

എക്സി. ഡയറക്ടർ & വൈസ് ചെയർമാൻ, കൈറ്റ്, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക്ഫയൽ